LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ്: സർ, ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവിൽ പറഞ്ഞിരിക്കുന്നത് ഇടുക്കി ജില്ലയ്ക്ക് മാത്രമായി വിവേചനപരമായ ഉത്തരവ് പാടില്ലെന്നാണ്. മറ്റ് ജില്ലകളിലെ പട്ടയ ഭൂമിയിലുള്ള അവകാശം ഇടുക്കി ജില്ലയ്ക്കുമുണ്ട്. സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോയെങ്കിലും ഹൈക്കോടതി ഡിവിഷൻ ബെഞ്ചും സുപ്രീംകോടതിയും ആ ഉത്തരവ് ശരിവച്ചിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ ഭേദഗതികൾ അനിവാര്യമായിരിക്കുകയാണ്. ഇതു സംബന്ധിച്ച് ഇടുക്കി ജില്ലയിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ബഹുമാന്യനായ അങ്ങ് ഒരു യോഗം വിളിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ 1964-ലെയും 1993-ലെയും ചട്ടങ്ങളിൽ പ്രത്യേകമായ ഭേദഗതികൾ വരുത്തണമെങ്കിൽ അതുസംബന്ധിച്ച ആലോചനയും ഉത്തരവും ആവശ്യമാണ്. ഗവൺമെന്റ് ഈ ചട്ടങ്ങൾ നിലനിർത്തുകയും ഇടക്കാല ഹൈക്കോടതി ഉത്തരവുകളിൽ ബന്ധപ്പെട്ട സമയങ്ങളിൽ തീരുമാനമെടുക്കുന്ന കാര്യത്തിൽ നല്ലതുപോലെ ശ്രദ്ധിക്കുന്നുമുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. അക്കാര്യത്തിൽ പ്രത്യേകമായൊരു അഭിപ്രായം ഇപ്പോൾ പറയാൻ കഴിയാത്തൊരു സാഹചര്യമുണ്ട്. ചട്ടങ്ങൾ സംബന്ധിച്ച് ഏതെങ്കിലും കാര്യങ്ങൾ ആലോചിക്കേണ്ടതുണ്ടെങ്കിൽ സർക്കാർ ആലോചിച്ച് അക്കാര്യത്തിൽ അഭിപ്രായം രേഖപ്പെടുത്തും. ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കുന്നതുസംബന്ധിച്ച് പരിശോധിക്കാം.

IV സബ്മിഷൻ

(1) ഭൂമി ഏറ്റെടുക്കൽ

ശ്രീ. ഐ. ബി. സതീഷ്: സർ, കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളിപ്പിൽശാലയിലാണ് എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2017 ഫെബ്രുവരി 16-ാം തീയതി യോഗം ചേർന്നാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 2021 ജനുവരി 7-ാം തീയതി സാമൂഹ്യ പ്രത്യാഘാത പഠനങ്ങളുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ഭൂമി ഏറ്റെടുത്തു കൊണ്ടുള്ള അന്തിമ വിജ്ഞാപനം 19(1) വന്നുകഴിഞ്ഞു. തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടമുൾപ്പെടെയുള്ള തടസ്സങ്ങൾ ഉണ്ടായതുകൊണ്ട് തുടർപ്രവർത്തനങ്ങൾ പൂർത്തിയാക്കാനായിട്ടില്ല. രണ്ട് വർഷംകൊണ്ട് ഹരിത മാതൃകാ കാമ്പസായി ടെക്നോളജിക്കൽ സർവ്വകലാശാല നിർമ്മാണ പ്രവർത്തനങ്ങൾ

പൂർത്തീകരിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. റവന്യൂ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമെ സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുകയുള്ളൂ. അടിയന്തരമായി റവന്യൂ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയ്ക്കുവേണ്ടി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിൽ ബ്ലോക്ക് ഒന്നിൽ വിവിധ സർവ്വേ നമ്പരുകളിലുൾപ്പെട്ടുവരുന്ന ഭൂമി പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കുന്നതിന് 3-7-2019-ലെ ജി.ഒ.(ആർ.ടി.)നമ്പർ 1757/2019/RD പ്രകാരം ഉത്തരവായി. ആയതിന്റെ അഭ്യർത്ഥന എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല രജിസ്ട്രാർ 31-10-2019-ലെ 35/2014/KUT നമ്പർ കത്ത് പ്രകാരം നൽകിയിട്ടുണ്ട്. സാമൂഹികാഘാത പഠനം നടത്തുന്നതിനുവേണ്ടി Land Acquisition, Rehabilitation and Resettlement Act, സെക്ഷൻ 4(1) പ്രകാരമുള്ള വിജ്ഞാപനം 24-12-2019-ൽ അസാധാരണ ഗസറ്റ് നമ്പർ 3184 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. Centre for Management Development, തൈക്കാട്, തിരുവനന്തപുരം എന്ന സ്ഥാപനം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും തുടർന്ന് expert ഗ്രൂപ്പിന്റെ ശിപാർശ ശരിവച്ച് പൊന്നുംവില നടപടി തുടരുന്നതിനുവേണ്ടി 8-6-2020-ലെ പ്രത്യേക ഉത്തരവ് [സ.ഉ. (കൈ) 150/2020/റവന്യൂ] പ്രകാരം ആയിട്ടുണ്ട്. തുടർന്ന് സെക്ഷൻ 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം 27-6-2020-ലെ ജി.ഒ.(പി) 45/2020/RD പ്രകാരം പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവ് 1-7-2020-ലെ 1632-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. 2013-ലെ പൊന്നുംവില നിയമം സെക്ഷൻ 19 പ്രകാരമുള്ള പ്രഖ്യാപനം 27-1-2021-ലെ ജി.ഒ. (പി) നം.12/21/RD പ്രകാരം പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവ് 28-1-2021-ൽ അസാധാരണ ഗസറ്റ് നമ്പർ 335 പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വില 5-2-2021-ൽ അംഗീകരിക്കുകയും ചെയ്തു. ഇരുന്നൂറ്റി ഇരുപതോളം ഭൂവുടമകൾക്ക് നോട്ടീസ് നൽകി റെക്കോർഡ് ശേഖരിച്ച് അവാർഡ് വിചാരണ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദ വിലവിവര പട്ടിക തയ്യാറാക്കുന്നതിനായി പൊന്നുംവില ഭൂമിയിൽ ഉൾപ്പെട്ടുവരുന്ന വൃക്ഷങ്ങളുടെ വില ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, വിളപ്പിൽ കൃഷി ഓഫീസർ എന്നിവർ സമർപ്പിച്ചിട്ടുണ്ട്. പൊന്നുംവില ഭൂമിയിൽ ഉൾപ്പെട്ടുവന്നിരുന്ന ചമയങ്ങളുടെ വില പൂർണ്ണമായും പൊതുമരാമത്തുവകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

202 ലാൻഡ് അക്വിസിഷൻ കേസ്സുകളുടെ വിശദ വിലവിവര പട്ടിക തയ്യാറാക്കുന്ന പ്രക്രിയ നടന്നുവരുന്നു. ഭൂവുടമകൾക്ക് അവാർഡ് തുക നൽകുന്നതിനായി ഏകദേശം 350 കോടിയിൽപ്പരം രൂപ ആവശ്യമാണ്. എന്നാൽ നാളിതുവരെ 106.91 കോടി രൂപ മാത്രമാണ് സർവ്വകലാശാല അധികൃതർ പൊന്നുംവില ഓഫീസർ മുമ്പാകെ ലഭ്യമാക്കിയിട്ടുള്ളത്. ഈ അംഗം വളരെ ശ്രദ്ധാപൂർവ്വമായ ചുമതലയെടുത്താണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരിക്കുന്നത്. പൊന്നുംവില അവാർഡ് നൽകുന്നതിനുള്ള തുക പൂർണ്ണമായും ലഭ്യമാകുന്ന മുറയ്ക്ക് സർവ്വകലാശാലയ്ക്ക് വേണ്ടിയുള്ള 39.1996 ഹെക്ടർ ഭൂമി അവാർഡ് പാസ്സാക്കി ആറ് മാസത്തിനുള്ളിൽ ഏറ്റെടുത്ത് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(2) റെഗുലേറ്റർ -കം -ബ്രിഡ്ജ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, മങ്കട നിയോജകമണ്ഡലത്തിലെ കുറുവ, പുഴക്കാട്ടിരി, മക്കരപ്പറമ്പ്, കൂട്ടിലങ്ങാടി, മങ്കട, മൂർക്കനാട് എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് 2016-ൽ കമ്മീഷൻ ചെയ്ത പദ്ധതിയാണ് മൂർക്കനാട് കുടിവെള്ള പദ്ധതി. തുതപ്പുഴയിലെ നിലാപറമ്പ് കടവിലുള്ള 10 mm വ്യാസമുള്ള കിണറും പമ്പ് ഹൗസുമാണ് ഈ പദ്ധതിയുടെ ജല സ്രോതസ്സ്. 2021-ൽ 'ജലജീവൻ മിഷൻ' പദ്ധതിയിലുൾപ്പെടുത്തി ആകെ 25875 ടാപ്പ് കണക്ഷനുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ വർദ്ധിച്ചുവരുന്ന ജലത്തിന്റെ ആവശ്യകതയനുസരിച്ച് ഇതിന്റെ ശേഷി 40 ലിറ്റർ/കൺസ്യൂമർ എന്നത് 100 ലിറ്ററാക്കി ഉയർത്തേണ്ടതുമുണ്ട്. കൂടാതെ കൂട്ടിലങ്ങാടിയിലെ ഉയർന്ന പ്രദേശങ്ങളിൽ ജലവിതരണം ഉറപ്പുവരുത്തിക്കൊണ്ടുവേണം പദ്ധതിയുടെ പൂർത്തീകരണം നടത്തേണ്ടത്. ഇതിനായി കിണർ, ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ നിർമ്മിക്കുകയും ശുദ്ധീകരണശാലയ്ക്കാവശ്യമായ സ്ഥലം കണ്ടുപിടിച്ച് പദ്ധതി അഭിവൃദ്ധിപ്പെടുത്തേണ്ടതുണ്ട്. ഇതിന് കുറുവ പഞ്ചായത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനായി കണ്ടെത്തിയ സ്ഥലത്തുനിന്നും പ്ലാന്റിനാവശ്യമായ സ്ഥലം കണ്ടെത്താവുന്നതാണ്. അതുപോലെ നിലവിലുള്ള മൂച്ചിക്കൽ ടാങ്കിന് സമീപം ലഭ്യമായ പി.ഡബ്ല്യു.ഡി. പുറംപോക്കിൽനിന്നും ഭൂതലസംഭരണിക്കും സ്ഥലം കണ്ടെത്താവുന്നതാണ്. ഇതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണം. പദ്ധതിക്കുവേണ്ടി നിർമ്മിച്ച കിണറിൽ ആവശ്യത്തിന് വെള്ളം ലഭ്യമാകാത്ത സാഹചര്യത്തിലാണ് പദ്ധതിയുടെ ജലസ്രോതസ്സ് നിലനിർത്തുന്നതിന് കുന്തിപ്പുഴയിൽ നിലാപറമ്പിന് സമീപം കീഴ്നിക്കടവ്-മൂതിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണത്തിന് പദ്ധതി ആവിഷ്കരിച്ചത്. മൂർക്കനാട് നിലാകടവിന് താഴെ കീഴ്നിക്കടവിൽ 160 മീറ്റർ നീളത്തിലും 7.5 മീറ്റർ

LIBRARY ARCHIVES Kerala Legislative Assembly